Adda247 GET IT ON Google Play

# 137/2017-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# Test Prime

## ALL EXAMS, ONE SUBSCRIPTION

**40,000+** Mock Tests

Personalised Report Card

Unlimited Re-Attempt

**500+** Exam Covered

Previous Year Papers

**500%** Refund

IBPS

NABARD

INDIAN RAILWAYS

DOWNLOAD NOW

# 137/2017-M

Maximum : 100 Marks

Time : 1 hour and 15 minutes

1. താഴെ പറയുന്നവയിൽ ഹിമാലയ പർവ്വതനിരയുടെ സവിശേഷത ഏത് ?
   (A) കിഴക്കോട്ടുപോകുന്തോറും ഉയരം കൂടുന്നു.
   (B) പടിഞ്ഞാറ് ഭാഗത്ത് ഉയരം ഏറ്റവും കുറവ്.
   (C) കിഴക്കോട്ടുപോകുംന്തോറും ഉയരം കുറയുന്നു.
   (D) എല്ലാഭാഗത്തും ഒരേ ഉയരം.

2. ഖിലാഫത്ത് പ്രസ്ഥാനവും ദേശീയ പ്രസ്ഥാനവും ഒരുമിച്ചു പ്രവർത്തിച്ച കാലയളവ്
   (A) നിസ്സഹകരണ സമരം
   (B) നിയമ ലംഘന സമരം
   (C) ക്വിറ്റ് ഇന്ത്യ സമരം
   (D) ഉപ്പു സത്യാഗ്രഹം

3. താഴെ പറയുന്നവയിൽ കിഴക്കോട്ടൊഴുകുന്ന നദി
   (A) പമ്പ
   (B) പെരിയാർ
   (C) പാമ്പാർ
   (D) കുന്തി

4. കേരള നിയമസഭയിൽ പട്ടിക വർഗ്ഗ സംവരണ മണ്ഡലങ്ങൾ
   (A) പതിനാല്
   (B) രണ്ട്
   (C) പത്ത്
   (D) നാല്

5. അഹമ്മദാബാദ് തുണിമിൽ സമരത്തിന്റെ മുഖ്യ കാരണം ?
   (A) നിലം കൃഷിയുടെ തകർച്ച
   (B) ഊർജ്ജ പ്രതിസന്ധി
   (C) പ്ലേഗ് ബോണസ്
   (D) പരുത്തി ക്ഷാമം

6. 'ജാതിക്കുമ്മി'യുടെ കർത്താവ്
   (A) വക്കം അബ്ദുൾ ഖാദർ മൗലവി
   (B) ചട്ടമ്പി സ്വാമികൾ
   (C) അയ്യൻകാളി
   (D) പണ്ഡിറ്റ് കറുപ്പൻ

7. സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ അധ്യക്ഷൻ
   (A) ഫസൽ അലി
   (B) ഹൃദയനാഥ് കുൻസ്രു
   (C) സർദാർ പട്ടേൽ
   (D) വി.പി. മേനോൻ

8. 1856 ലെ ഹിന്ദു വിധവാ പുനർവിവാഹ നിയമത്തിനുവേണ്ടി പ്രവർത്തിച്ച സാമൂഹ്യ പരിഷ്കർത്താവ് ?

(A) രാജാറാം മോഹൻ റോയ് (B) മാഡം കാമ
(C) സരോജിനി നായിഡു (D) ഈശ്വരചന്ദ്ര വിദ്യാസാഗർ

9. അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ രൂപീകരിച്ച 'കിഫ്ബി' ബോർഡിന്റെ ചെയർ പേഴ്സൺ ?

(A) ചീഫ് സെക്രട്ടറി (B) ധനകാര്യ മന്ത്രി
(C) മുഖ്യമന്ത്രി (D) ഡി.ജി.പി.

10. ഏറ്റവും കുറവ് ആദിവാസികളുള്ള ജില്ല ?

(A) കോട്ടയം (B) ആലപ്പുഴ
(C) എറണാകുളം (D) കൊല്ലം

11. മുഴുവൻ ഭാഗങ്ങളും ഇന്ത്യയിൽതന്നെ നിർമ്മിച്ച ആദ്യ ട്രെയിൻ ?

(A) മയൂര (B) മേഘ
(C) മേധ (D) മാളവിക

12. കല്ലുമാല സമരം നടന്ന സ്ഥലം ?

(A) വേങ്ങാനൂർ (B) പെരിനാട്
(C) കൊല്ലൂർ (D) തലശ്ശേരി

13. ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണ രംഗത്തെ ഉപയോഗം അറിയപ്പെടുന്നത് ?

(A) ഇ-ഗവേണൻസ് (B) ഇ-കൊമേഴ്സ്
(C) ഇ-മെയിൽ (D) ഇ-സാക്ഷരത

14. ഇന്ത്യയിൽ ഏറ്റവും ഉയരം കൂടിയ ദേശീയ പതാകാസ്തംഭം സ്ഥാപിച്ചിരിക്കുന്നതെവിടെ ?

(A) ബിക്കാനീർ (B) റാഞ്ചി
(C) ലേ (D) അട്ടാരി

15. കേരളത്തിൽ സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനങ്ങളിൽ ഏറ്റവും ചെറുത് ?

(A) ഇരവികുളം (B) പെരിയാർ
(C) പാമ്പാടും ചോല (D) കരിമ്പുഴ

Adda247 GET IT ON Google Play

16. സ്വാമി വിവേകാനന്ദൻ ആരംഭിച്ച സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനം ?
    (A) രാമകൃഷ്ണ മിഷൻ (B) ആര്യ സമാജം
    (C) വിവേകാനന്ദ സഭ (D) പ്രാർത്ഥനാ സമാജം

17. കറൻസിയേതര പണ കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുവാൻ ഇന്ത്യാ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്ന 'മൊബൈൽ ആപ്പ്' ?
    (A) ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (B) ഡിജിലോക്കർ
    (C) ആധാർ പേ (D) ഭാരത് ഇന്റർഫേസ് ഫോർ മണി

18. ഉത്തർപ്രദേശ് മുഖ്യമന്ത്രി
    (A) അമരീന്ദർ സിങ് (B) യോഗി ആദിത്യനാഥ്
    (C) ത്രിവേന്ദ്രസിങ് റാവത്ത് (D) ബിരേൻ സിങ്

19. അമേരിക്കൻ ഗവൺമെന്റിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജ ?
    (A) രാധാ കുൽക്കർണി (B) മീര സരോവർ
    (C) സാമാ വർമ്മ (D) മേധ പട്നായിക്

20. കേരളത്തിലെ ഏറ്റവും വലിയ ഭൂഗർഭ വൈദ്യുതി നിലയം സ്ഥിതിചെയ്യുന്ന സ്ഥലം ?
    (A) മൂലമറ്റം (B) കായംകുളം
    (C) ഷോളയാർ (D) ചെങ്കുളം

21. 'നാഥുല' ചുരം ബന്ധിപ്പിക്കുന്ന പ്രദേശങ്ങൾ
    (A) ഉത്തരാഖണ്ഡ് – ടിബറ്റ് (B) ഹരിയാന – ടിബറ്റ്
    (C) ഉത്തർപ്രദേശ് – ടിബറ്റ് (D) സിക്കിം – ടിബറ്റ്

22. ഇന്ത്യയുടെ അക്ഷാംശ വ്യാപ്തി
    (A) 68° 7' കിഴക്ക് – 97° 25' കിഴക്ക്
    (B) 8° 4' വടക്ക് – 37° 6' വടക്ക്
    (C) 12° 8' വടക്ക് – 97° 25' വടക്ക്
    (D) 8° 4' കിഴക്ക് – 37° 6' കിഴക്ക്

Adda247 GET IT ON Google Play

23. കൊങ്കൺ റെയിൽവേ ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ
   (A) മുംബൈ – മംഗലാപുരം (B) ഭട്കൽ – ഉഡുപ്പി
   (C) റോഹ – മംഗലാപുരം (D) മുംബൈ – ഉഡുപ്പി

24. കറൻസി രഹിത പണമിടപാടുകൾക്കുവേണ്ടിയുള്ള ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പർ
   (A) 15555 (B) 1515
   (C) 1414 (D) 14444

25. സ്വാതന്ത്ര്യ സമരകാലത്ത് ആദ്യമായി രൂപം നല്കിയ ത്രിവർണ്ണ പതാകയിൽ രേഖപ്പെടുത്തിയിരുന്ന താമരകളുടെ എണ്ണം ?
   (A) എട്ട് (B) നാല്
   (C) പത്ത് (D) രണ്ട്

26. 'വന്ദേ മാതരം' ഉൾപ്പെടുത്തിയിരിക്കുന്ന 'ആനന്ദ മഠം' എന്ന കൃതി ഏതു സാഹിത്യ ശാഖയിൽ-പ്പെടുന്നതാണ്?
   (A) കഥ (B) കവിത
   (C) യാത്രാവിവരണം (D) നോവൽ

27. ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്
   (A) കേന്ദ്ര മന്ത്രിസഭ (B) രാഷ്ട്രപതി
   (C) യു.പി.എസ്.സി. (D) പാർലമെന്റ്

28. 'വേല ചെയ്താൽ കൂലി വേണം' ഈ മുദ്രാവാക്യം ഉയർത്തിയത് ?
   (A) സ്വാമി വിവേകാനന്ദൻ (B) ശ്രീനാരായണഗുരു
   (C) മന്നത്തു പത്മനാഭൻ (D) വൈകുണ്ഠ സ്വാമികൾ

29. മലബാറിൽ നടന്ന ഉപ്പു സത്യാഗ്രഹത്തിന്റെ പ്രധാന നേതാവ്?
   (A) കെ.സി.എസ്. മണി (B) കെ. കേളപ്പൻ
   (C) അലി മുസലിയാർ (D) അംശി നാരായണപിള്ള

30. 'വിദ്യാധിരാജ' എന്നറിയപ്പെട്ട നവോത്ഥാന നായകൻ
   (A) ചട്ടമ്പി സ്വാമികൾ (B) പൊയ്കയിൽ യോഹന്നാൻ
   (C) വാഗ്ഭടാനന്ദൻ (D) ടി.കെ. മാധവൻ

Adda247 GET IT ON Google Play

31. ചേറ്റൂർ ശങ്കരൻ നായർ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധ്യക്ഷപദവിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട സമ്മേളനം ?
 (A) കാക്കിനഡ (B) ലാഹോർ
 (C) പാലക്കാട് (D) അമരാവതി

32. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പഴശ്ശിരാജയെ സഹായിച്ച കുറിച്യ നേതാവ്?
 (A) തലയ്ക്കൽ ചന്തു (B) ചെമ്പൻ പോക്കർ
 (C) കുങ്കൻ നായർ (D) കൈതേരി അമ്പു

33. കെ.പി.ആർ. ഗോപാലനെ വധശിക്ഷയ്ക്കു വിധിക്കാൻ കാരണമായ പ്രക്ഷോഭം ?
 (A) ആറ്റിങ്ങൽ കലാപം (B) മൊറാഴ സമരം
 (C) അഞ്ചുതെങ്ങ് കലാപം (D) കരിവെള്ളൂർ സമരം

34. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കുന്നതിനുമുമ്പ് എ.ഒ. ഹ്യൂം സ്ഥാപിച്ച സംഘടന
 (A) ഇന്ത്യൻ അസോസിയേഷൻ (B) മദ്രാസ് മഹാജന സഭ
 (C) ഇന്ത്യൻ നാഷണൽ യൂണിയൻ (D) കൽക്കത്ത അസോസിയേഷൻ

35. 'നയിതാലിം' വിദ്യാഭ്യാസ പദ്ധതി അവതരിപ്പിച്ചതാര് ?
 (A) ടാഗോർ (B) ഗാന്ധിജി
 (C) ഗോഖലെ (D) നെഹ്റു

36. 'നീൽ ദർപ്പൺ' എന്ന നാടകത്തിന്റെ രചയിതാവ്
 (A) ദിനബന്ധു മിത്ര (B) ശിശിർകുമാർ ഘോഷ്
 (C) ബങ്കിം ചന്ദ്ര ചാറ്റർജി (D) സത്യേന്ദ്രനാഥ ടാഗോർ

37. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സുപ്രീം കോടതി 'റിട്ട്' പുറപ്പെടുവിക്കുന്നത് ഭരണഘടനയുടെ ഏത് അനുഛേദമനുസരിച്ചാണ്?
 (A) 32-ാം അനുഛേദം (B) 29-ാം അനുഛേദം
 (C) 17-ാം അനുഛേദം (D) 21-ാം അനുഛേദം

38. ഇന്ത്യൻ ദേശീയ മുദ്രയുടെ അടിസ്ഥാനമായ അശോക സ്തംഭം സ്ഥിതി ചെയ്യുന്ന സ്ഥലം
 (A) കാശി (B) ബോധ്ഗയ
 (C) സാരാനാഥ് (D) കൊണാർക്ക്

39. വിവരാവകാശ നിയമപ്രകാരം തെറ്റായ മറുപടി നല്കിയ ഉദ്യോഗസ്ഥന്റെമേൽ ശരിയായ മറുപടി നൽകുന്നതുവരെയുള്ള കാലയളവിൽ ഓരോ ദിവസവും എത്ര രൂപവരെ പിഴ ചുമത്താൻ വിവരാവകാശ കമ്മീഷന് അധികാരമുണ്ട് ?

(A) 500 രൂപ (B) 250 രൂപ
(C) 1000 രൂപ (D) 100 രൂപ

40. സ്വരൺ സിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഭരണഘടനയിൽ കൂട്ടിച്ചേർത്ത ഭാഗം

(A) നിർദ്ദേശക തത്വങ്ങൾ (B) മൗലികാവകാശങ്ങൾ
(C) ദേശീയ ചിഹ്നം (D) മൗലിക കടമകൾ

41. ഇന്ത്യയിലെ ആദ്യ വനിതാ സർവ്വകലാശാലയുടെ സ്ഥാപകൻ

(A) ഡി.കെ. കാർവെ (B) ജി.ജി. അഗാർക്കർ
(C) സി. രാജഗോപാലാചാരി (D) സർ സയ്യിദ് അഹമ്മദ്

42. കേരളത്തിന്റെ ഔദ്യോഗിക മൃഗം

(A) കടുവ (B) ആന
(C) വരയാട് (D) നക്ഷത്ര ആമ

43. 'മംഗളവനം' പക്ഷി സങ്കേതം ഏതു നഗരത്തിലാണ് ?

(A) കോഴിക്കോട് (B) തൃശ്ശൂർ
(C) തിരുവനന്തപുരം (D) എറണാകുളം

44. 'ചാകര' എന്ന പ്രതിഭാസം കാണപ്പെടുന്ന കടൽ

(A) ചെങ്കടൽ (B) ബംഗാൾ ഉൾക്കടൽ
(C) അറബിക്കടൽ (D) കാസ്പിയൻ കടൽ

45. സ്ത്രീ-പുരുഷ അനുപാതം ഏറ്റവും കൂടുതലുള്ള ജില്ലയേത് ?

(A) ആലപ്പുഴ (B) കണ്ണൂർ
(C) കാസർഗോഡ് (D) മലപ്പുറം

46. സംസ്ഥാനതലത്തിൽ പൊതു പ്രവർത്തർക്കും ഉദ്യോഗസ്ഥർക്കും എതിരെയുള്ള അഴിമതി കേസുകൾ കൈകാര്യം ചെയ്യുന്ന സ്ഥാപനം

(A) ലോക്പാൽ (B) വിജിലൻസ് കമ്മീഷൻ
(C) ഓംബുഡ്സ്മാൻ (D) ലോകായുക്ത

Adda247 GET IT ON Google Play

47. ഗംഗ, യമുന എന്നീ നദികൾക്ക് നിയമപരമായി വ്യക്തിത്വം കണക്കാക്കണമെന്ന് വിധി പുറപ്പെടുവിച്ച കോടതി

(A) സുപ്രീം കോടതി (B) മുംബൈ ഹൈക്കോടതി

(C) ഉത്തരാഖണ്ഡ് ഹൈക്കോടതി (D) ഉത്തർപ്രദേശ് ഹൈക്കോടതി

48. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടു രാജ്യങ്ങൾ

(A) കൊച്ചി, മൈസൂർ, പാട്യാല

(B) ഹൈദരാബാദ്, കാശ്മീർ, ജുനഗഡ്

(C) ഹൈദരാബാദ്, മൈസൂർ, കൊച്ചി

(D) തിരുവിതാംകൂർ, കൊച്ചി, ജുനഗഡ്

49. 2016 ലെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ ചിത്രം ?

(A) കമ്മട്ടിപ്പാടം (B) ഒറ്റയാൾപ്പാത

(C) അനുരാഗ കരിക്കിൻവെള്ളം (D) മാൻഹോൾ

50. ശ്രീനാരായണഗുരുവിന്റെ ജനനസ്ഥലം

(A) ചെമ്പഴന്തി (B) മുരുക്കുംപുഴ

(C) ഉല്ലല (D) ശിവഗിരി

51. മിശ്ര വിവാഹത്തിന്റെ പ്രചാരണത്തിനുവേണ്ടി 'സാമൂഹിക പരിഷ്കരണ ജാഥ' നയിച്ചതാര് ?

(A) സഹോദരൻ അയ്യപ്പൻ (B) വി.ടി. ഭട്ടതിരിപ്പാട്

(C) കുമാരഗുരു (D) കുമാരനാശാൻ

52. ബ്രഹ്മപുത്രയുടെ പോഷകനദി

(A) ഝലം (B) യമുന

(C) തിസ്ത (D) ലൂണി

53. 'ധാതുക്കളുടെ കലവറ' എന്നറിയപ്പെടുന്ന ഇന്ത്യൻ ഭൂവിഭാഗം

(A) ഉപദ്വീപീയ പീഠഭൂമി (B) തീര സമതലങ്ങൾ

(C) ഉത്തരപർവ്വത മേഖല (D) ദ്വീപു സമൂഹങ്ങൾ

54. സുവർണ്ണ ചതുഷ്കോണ സൂപ്പർ ഹൈവേ എത്രവരി പാതയാണ്?

(A) നാല് വരി (B) പത്ത് വരി

(C) എട്ട് വരി (D) ആറ് വരി

55. ദക്ഷിണേന്ത്യയിലെ ആദ്യ ഇരുമ്പുരുക്കു ശാല

(A) ഭിലായ് ഇരുമ്പുരുക്കുശാല (B) ബൊക്കാറോ ഇരുമ്പുരുക്കുശാല

(C) വിശ്വേശ്വരയ്യ ഇരുമ്പുരുക്കുശാല (D) ടാറ്റ ഇരുമ്പുരുക്കുശാല

56. കേരളത്തിലെ തീരദേശ മണലിൽ നിന്നും ഉല്പാദിപ്പിക്കുന്ന ആണവ ധാതു

(A) യുറേനിയം (B) തോറിയം

(C) പോളികാർബൺ (D) ചുണ്ണാമ്പുകല്ല്

57. കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച 'സറോഗസി റഗുലേഷൻ ബിൽ 2016' ലക്ഷ്യം വയ്ക്കുന്നതെന്ത്?

(A) വാടക ഗർഭധാരണ നിയന്ത്രണം

(B) ദത്തെടുക്കൽ നിരുത്സാഹപ്പെടുത്തൽ

(C) ലിംഗനിർണ്ണയ പരിശോധനാ നിയന്ത്രണം

(D) സിസേറിയൻ നിയന്ത്രണം

58. കേരളത്തിൽ നിന്നുള്ള ഏറ്റവും പ്രായം കുറഞ്ഞ ചെസ് ഗ്രാൻഡ്മാസ്റ്ററായി തെരഞ്ഞെടുക്കപ്പെട്ട ചെസ് താരം ?

(A) സെബാസ്റ്റ്യൻ സേവ്യർ (B) സാജൻ പ്രകാശ്

(C) നിഹാൻ സരിൻ (D) എസ്. എൽ. നാരായണൻ

59. കേരള സംസ്ഥാന കായിക ദിനം

(A) ആഗസ്റ്റ് 26 (B) സെപ്റ്റംബർ 9

(C) ഒക്ടോബർ 13 (D) നവംബർ 1

60. വെള്ളപ്പൊക്കം തടയുന്നതിന് വേമ്പനാട് കായലിൽ നിർമ്മിച്ചിരിക്കുന്ന തടയണ

(A) തോട്ടപ്പള്ളി സ്പിൽവേ (B) തണ്ണീർമുക്കംബണ്ട്

(C) വില്ലിംങ്ടൺ ദ്വീപ് (D) പാതിരാമണൽ ദ്വീപ്

Adda247 GET IT ON Google Play

61. Do you mind _____ me your pen to sign this document ?
(A) giving (B) given
(C) give (D) will give

62. Rano went to the shop to buy a new dress for her as she has _____ her old ones.
(A) grown back of (B) grown apart of
(C) grown up of (D) grown out of

63. While visiting Egypt I went to see _____ Nile.
(A) a (B) an
(C) the (D) no article

64. If I hadn't run from there, _____.
(A) the snake will kill me (B) the snake would have killed me
(C) the snake would kill me (D) the snake have killed me

65. Nobody saw it, _____ ?
(A) did they (B) do they
(C) didn't they (D) don't they

66. Select proper one word substitute for "an impartial person who watches for administrative abuses inside organizations".
(A) Philanthropist (B) Ombudsman
(C) Turncoat (D) Reticent

67. Find out which part of the sentence has an error.
Both Raj's father and mother was angry with him when he quarrelled with his sister.
(A) Both Raj's father and mother (B) was angry with him
(C) when he quarrelled with his sister (D) No error

68. What does the expression "au fait" mean ?
(A) actually existing but not legally (B) in the open air
(C) familiar or acquainted with (D) a classy party

69. Choose the word which is MOST nearly the same in meaning as the given word :
Inclination
(A) Convey (B) Turbulent
(C) Balance (D) Tendency

70. I have been working in this school _____ 2006.
(A) for (B) from
(C) until (D) since

Adda247 GET IT ON Google Play

**71.** Change the given sentence into indirect speech :
Anil asked Anu, "Are you going to see your grandmother" ?
(A) Anil asked Anu whether she is going to see her grandmother.
(B) Anil asked Anu whether she was going to see her grandmother.
(C) Anil asked Anu whether she had gone to see her grandmother.
(D) Anil asked Anu whether she will go to see her grandmother.

**72.** You have high fever. You _____ see the doctor.
(A) should have (B) will
(C) should (D) do

**73.** I shuffled the _____ while playing.
(A) deck of cards (B) pod of cards
(C) cluster of cards (D) flock of cards

**74.** Choose the word opposite in meaning to the given word : – Opaque
(A) Right (B) Private
(C) Transparent (D) Visible

**75.** _____ had I reached the stadium, than the match started.
(A) Either (B) Neither
(C) Both (D) No sooner

**76.** Rewrite the sentence given starting with : A pen _______.
Rani gave me a pen.
(A) A pen was given to me by Rani.
(B) A pen is given to me by Rani.
(C) A pen has been given to me by Rani.
(D) A pen is being given to me by Rani.

**77.** Find out the compound word used in the sentence.
My father wears a _____ when he goes to office.
(A) wears (B) goes
(C) necktie (D) office

**78.** All my friends _____ Jiya called me on my birthday.
(A) except (B) axpect
(C) accept (D) exept

**79.** Choose the correctly spelt word.
(A) Changeable (B) Cheingable
(C) Changable (D) Cheingeable

**80.** What does the underlined idiom mean :
So many employees <u>got the axe</u> as the company was undergoing financial crisis.
(A) out of one's mind (B) have no idea
(C) lose the job (D) angry and overcome

Adda247 GET IT ON Google Play

**81.** ഒരു ക്യൂബിന്റെ ഒരു വക്കിന്റെ നീളം ഇരട്ടിച്ചാൽ വ്യാപ്തം എത്ര മടങ്ങ് വർദ്ധിക്കും ?

(A) 2 (B) 4
(C) 8 (D) 16

**82.** ഒരു സമ ബഹുഭുജത്തിന്റെ ഒരു ആന്തരകോണിന്റെ അളവ് 150° ആയാൽ അതിന് എത്ര വശങ്ങൾ ഉണ്ട് ?

(A) 10 (B) 6
(C) 8 (D) 12

**83.** ഒരു ചതുരകട്ടയുടെ നീളം, വീതി, ഉയരം ഇവ തമ്മിലുള്ള അംശബന്ധം 4 : 2 : 5. വ്യാപ്തം 2560 ഘന സെന്റിമീറ്റർ ആയാൽ ഉയരം എത്ര ?

(A) 4 (B) 20
(C) 11 (D) 12

**84.** $(4)^{-1/2} \times (27)^{-1/3} \times (36)^{1/2} =$ ________

(A) 1 (B) 3
(C) 2 (D) –1

**85.** ഒരു സമാന്തര ശ്രേണിയിലെ തുടർച്ചയായ ആദ്യത്തെ 25 പദങ്ങളുടെ തുക 750 ആയാൽ 13-ാം പദം എത്ര ?

(A) 15 (B) 20
(C) 25 (D) 30

**86.** 8 കുട്ടികളുടെ ഉയരങ്ങളുടെ മാധ്യം 152 സെന്റിമീറ്റർ. ഒരു കുട്ടി കൂടി വന്നു ചേർന്നപ്പോൾ മാധ്യം 151. വന്നു ചേർന്ന കുട്ടിയുടെ ഉയരം എത്ര ?

(A) 150 (B) 149
(C) 145 (D) 143

**87.** ഒരു തലത്തിലെ (1, 3) (6, 8) എന്നീ ബിന്ദുക്കൾ ചേർന്ന് വരയ്ക്കുന്ന വരയെ P എന്ന ബിന്ദു 2 : 3 എന്ന അംശബന്ധത്തിൽ ഖണ്ഡിക്കുന്നു എങ്കിൽ P യുടെ നിർദ്ദേശാങ്കങ്ങൾ ഏവ ?

(A) (3.5, 5.5) (B) (7, 11)
(C) (3, 5) (D) (5, 5)

**88.** ഒരു ചതുരകട്ടയുടെ നീളം, വീതി, ഉയരം ഇവ 5, 7, 12. ഇതിൽ നിന്നും ഉണ്ടാക്കാവുന്ന ഏറ്റവും വലിയ ക്യൂബിന്റെ ഒരു വക്കിന്റെ നീളം എത്ര ?

(A) 5 (B) 7
(C) 12 (D) ഇവയൊന്നുമല്ല

**89.** ഒരു ത്രികോണത്തിന്റെ കോണുകൾ 30°, 60°, 90°. 90°-ക്ക് എതിരെയുള്ള വശത്തിന്റെ നീളം 12 സെന്റിമീറ്റർ ആയാൽ 60°-ക്ക് എതിരെയുള്ള വശത്തിന്റെ നീളം എത്ര ?

(A) $6\sqrt{3}$ (B) $6\sqrt{2}$
(C) $\frac{12}{\sqrt{2}}$ (D) $\frac{12}{\sqrt{3}}$

**90.** ഒരു സ്ഥലത്തുനിന്ന് ഹരി കിഴക്കോട്ടും വിമൽ തെക്കോട്ടും ലംബമായി നടന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഹരി 6 കിലോമീറ്ററും വിമൽ 8 കിലോമീറ്ററും നടന്നു. എങ്കിൽ ഇവർ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്ര ?

(A) 10 (B) 6
(C) 8 (D) 2

Adda247 GET IT ON Google Play

**91.** 3, 6, 11, 20, …. ഈ ശ്രേണിയിലെ അടുത്ത പദം ഏത് ?

(A) 39 (B) 37
(C) 31 (D) 40

**92.** അമ്മുവിന്റെ വയസ്സിന്റെ 6 മടങ്ങാണ് അമ്മുവിന്റെ അമ്മയുടെ പ്രായം. ആറു വർഷം കഴിയുമ്പോൾ അമ്മുവിന്റെ വയസ്സിന്റെ 3 മടങ്ങ് ആകും അമ്മയുടെ പ്രായം. എങ്കിൽ അമ്മുവിന്റെ വയസ്സ് എത്ര ?

(A) 3 (B) 6
(C) 5 (D) 4

**93.** ഒരു ടാങ്കിലേക്ക് 2 പൈപ്പുകൾ തുറന്നു വച്ചിരിക്കുന്നു. 6 മിനുറ്റുകൊണ്ട് ടാങ്ക് നിറയും. ഒന്നാമത്തെ പൈപ്പ് മാത്രം തുറന്നു വച്ചാൽ 10 മിനിറ്റുകൊണ്ട് നിറയും. എങ്കിൽ രണ്ടാമത്തെ ടാപ്പ് മാത്രം തുറന്നു വച്ചാൽ എത്ര മിനുറ്റുകൊണ്ട് നിറയും ?

(A) 7 (B) 12
(C) 15 (D) 16

**94.** 8% നിരക്കിൽ 30,000 രൂപയ്ക്ക് ഒരു മാസത്തെ പലിശ എത്ര ?

(A) 250 (B) 200
(C) 300 (D) 225

**95.** $\sqrt{45 \times \sqrt{40 \times \sqrt{25 \times \sqrt{16}}}}$

(A) 30 (B) 25
(C) 35 (D) 40

**96.** $|x + 5| = |x - 3|$ ആയാൽ $x$ എത്ര ?

(A) –1 (B) 1
(C) –2 (D) 2

**97.** 2 സംഖ്യകളുടെ തുക 25. അവയുടെ വ്യത്യാസം 5. സംഖ്യകളുടെ വർഗ്ഗങ്ങളുടെ വ്യത്യാസം എത്ര ?

(A) 75 (B) 50
(C) 125 (D) 25

**98.** 3, 16, 25, 9. ഇതിലെ ഒറ്റയാൻ ആര് ?

(A) 25 (B) 9
(C) 3 (D) 16

**99.** $3^m = 729$ എങ്കിൽ $3^{m-2}$ = __________ ?

(A) 27 (B) 243
(C) 81 (D) 9

**100.** $x = \frac{1}{2}$ $y = \frac{1}{3}$ ആയാൽ $\frac{x + y}{xy}$ എത്ര ?

(A) 5 (B) 6
(C) 3 (D) 2

SPACE FOR ROUGH WORK

SPACE FOR ROUGH WORK